(ജി) ഭാഗികമായി ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പമ്പിന്റേയും മോട്ടോറിന്റേയും ടെണ്ടർ നടപടികൾ മെക്കാനിക്കൽ ചീഫ് എഞ്ചിനീയർ വഴിയും, ഇലക്ട്രിക്കൽ പണികൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇലക്ട്രിക്കൽ വഴിയും സിവിൽ വർക്കുകൾ പ്രത്യേകവും ഏർപ്പാടാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. നവംബർ 2009-ൽ ഭരണാനുമതി നൽകിയ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് എസ്റ്റിമേറ്റ് എടുക്കൽ, സാങ്കേതികാനുമതി നൽകൽ, ടെണ്ടർ നടപടികൾ എന്നിവയ്ക്ക് സമയം പോരാതെ വന്നതും, ചില വി.സി.ബി. തടയണ എന്നിവയുടെ പ്രവൃത്തികൾക്ക് ഇൻവെസ്റ്റിഗേഷൻ നടത്തി ഡിസൈൻ അനുമതി ലഭിക്കേണ്ടതുകൊണ്ടാണ് ഈ ലക്ഷ്യം പൂർണ്ണമായും കൈവരിക്കാനാവാത്തത്.

മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ

99 (4989) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി മുടങ്ങിക്കിടന്നിരുന്ന എത്ര നഗര ശുദ്ധജല വിതരണ പദ്ധതികൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട് ;

(ബി) ഈ വർഷം ഏതെല്ലാം പ്രവൃത്തികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുടങ്ങിക്കിടന്ന 17 നഗര ശുദ്ധജല വിതരണ പദ്ധതികൾക്ക് 2009-2010-ൽ ഭരണാനുമതി നൽകുകയും ഇതിൽ 10 പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുകയും ഉണ്ടായി.

ചേലക്കര പദ്ധതി പൂർത്തീകരിക്കുകയും പാലക്കാട് നഗരശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം ഭാഗികമായി പൂർത്തീകരിക്കുകയും ഉണ്ടായി.

(ബി) അവശേഷിക്കുന്ന 5 പദ്ധതികളായ തൃശൂർ ഇന്റഗ്രേറ്റഡ് ഓഗ്മെന്റേഷൻ, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റി ശുദ്ധജല വിപുലീകരണ പദ്ധതി, പാലാ മുനിസിപ്പാലിറ്റി ശുദ്ധജല വിപുലീകരണ പദ്ധതി, തലശ്ശേരി ഇടക്കാല ശുദ്ധജല വിപുലീകരണ പദ്ധതി, ഒല്ലൂർ-ഇടക്കുന്നി എന്നിവയുടെ പ്രവർത്തനം ഈ വർഷംതന്നെ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly